## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1163** 02.05.2017 ൽ മറുപടിയ്ക്ക്

## ജൈവ പദ്ധതി എന്ന പേരിൽ വിൽക്കുന്ന പച്ചക്കറികൾ

| ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ജൈവ പച്ചക്കറി എന്ന പേരിൽ വിൽക്കുന്ന പച്ചക്കറികൾ പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; അവ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | എ) ഉണ്ട്. കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ നല്ല കൃഷി മുറകൾ പാലിച്ച് ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളാണ് സുരക്ഷിത പച്ചക്കറികൾ എന്ന പേരിൽ ഇക്കോഷോപ്പുകൾ വഴി വിൽപന നടത്തി വരുന്നത്. ക്ലസ്റ്ററിലെ കാർഷിക പ്രവർത്തനങ്ങൾ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിക്കുകയും ഗുണ നിലവാരം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. മാത്രമല്ല സാമ്പിളുകൾ പരിശോധനയ്ക്കായി വെള്ളായണിയിലെ കീടനാശിനി അവശിഷ്ട പരിശോധനാ ലാബിൽ അയച്ച് ഫലം പരസ്യപ്പെടുത്തുന്നുണ്ട്. |
| ബി) ഇപ്രകാരം വിൽക്കപ്പെടുന്ന പച്ചക്കറി സ്റ്റാളുകൾ പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | ബി) വെള്ളായണിയിലെ കീടനാശിനി അവശിഷ്ട പരിശോധനാ ലാബിലെ ഉദ്യോഗസ്ഥരും കൃഷി വകുപ്പ് ഉദ്യോഗസ്ഥരും പച്ചക്കറി സ്റ്റാളുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് ലാബിൽ പരിശോധന നടത്തി ഫലം പരസ്യപ്പെടുത്തുന്നുണ്ട്. ഇത് വഴി കമ്പോളത്തിലെ പച്ചക്കറിയുടെ ഗുണനിലവാരം സംബന്ധിച്ച് ഉപഭോക്താക്കൾക്ക് അവബോധം ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ